I ഇ.ബി. XIII – കേരള നിയമസഭ/VII - 12

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2013 ഫെബ്രുവരി 19, ചൊവ്വാഴ്ച

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**ചരമോപചാരം**

**കെ.കെ. നായരുടെ നിര്യാണം**

മുൻ നിയമസഭാംഗമായിരുന്ന കെ.കെ. നായരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**അടിയന്തര പ്രമേയം**

**വൈദ്യുതിമേഖല സ്വകാര്യവത്കരിക്കാനുള്ള നീക്കം**

മി. സ്പീക്കർ: വൈദ്യുതി വിതരണ മേഖല സ്വകാര്യവത്കരിക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കി പതിനഞ്ച് ദിവസത്തിനകം അറിയിക്കാൻ കേന്ദ്ര

പവർ ഫിനാൻസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ.കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2013 ഫെബ്രുവരി മാസം 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും കിട്ടിയ കത്തിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള സിസ്റ്റമോ ഫ്രാഞ്ചൈസി മോഡലോ പി.പി.പി. മോഡലോ ആകാമെന്നുള്ള ശുക്ല കമ്മിഷന്റെയും ചതുർവേദി കമ്മിഷന്റെയും അഭിപ്രായങ്ങളും പ്രസരണ നഷ്ടം കുറച്ച് എഫിഷ്യൻസി വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം ആരായണമെന്നുള്ള നിർദ്ദേശവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സർക്കുലറിൽ നിലവിലുള്ള സിസ്റ്റം നിരാകരിക്കുന്നതിനോ സ്വകാര്യവൽക്കരണം നടപ്പാക്കുന്നതിനോ നിഷ്കർഷിക്കുന്നില്ല.

ശ്രീ. എ.കെ. ബാലൻ: നവഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.യുടെ വിതരണ മേഖല സ്വകാര്യവത്കരിക്കാൻ നടപടി സ്വീകരിച്ചിരിക്കുകയാണ്. വൈദ്യുതി മേഖലയിൽ കടംവരുത്തിയ വിതരണ കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ കൊണ്ടുവന്ന പാക്കേജിലെ മാൻഡേറ്ററി നിബന്ധനകൾ അംഗീകരിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന മുന്നറിയിപ്പോടെയാണ് ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച കത്ത് കെ.എസ്.ഇ.ബി. സംസ്ഥാന സർക്കാരിന് കൈമാറിയത്. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിലെ എല്ലാ നിബന്ധനകളും

അംഗീകരിച്ചുകൊണ്ട് 17–12–12–ന് സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറി കേന്ദ്ര ഊർജ്ജ വകുപ്പ് സെക്രട്ടറിക്ക് കത്ത് അയയ്ക്കുകയും സ്വകാര്യവത്ക രണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത നടപടി മറച്ചുവയ്ക്കാ. നാണ് സർക്കാർ ശ്രമിക്കുന്നത് നിലവിലുള്ള പ്രസരണ നഷ്ടം കുറച്ച് ഹ്രസ്വകാല വായ്പകളുടെ പകുതി സംസ്ഥാനം വഹിച്ചാൽ വായ്പകളുടെ നാലിലൊന്ന് ഗ്രാന്റായി കേന്ദ്ര ഗവൺമെന്റ് തരുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതനുസരിച്ച് ലഭ്യമാകുന്ന കേവലം 132 കോടി രൂപയ്ക്കുവേണ്ടി ഈ വിതര ണരംഗം സ്വകാര്യവൽക്കരിക്കേണ്ടതുണ്ടോയെന്ന് സർക്കാർ ആലോചിക്ക ണം. . 2003–ലെ ഇലക്ട്രിസിറ്റി ആക്ടനുസരിച്ചുള്ള കേന്ദ്ര നിയമം വന്ന ശേഷം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഊർജ്ജ മേഖലയിൽ ഉണ്ടാ യിട്ടു ള്ളത്. കേവലം വിലവർദ്ധനവിന്റേത് മാത്രമല്ല ഒരു നയത്തിന്റെ പ്രശ്ന മായി സ്വകാര്യവൽക്കരണത്തെ കാണണം. ഒരു ഭേദഗതിയും നിർദ്ദേശി ക്കാതെ ഇന്ത്യയിലാദ്യമായി കേരളം മാത്രമാണ് ഈ പാക്കേജിലെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് വിതരണ രംഗം നൂറ് ശതമാനവും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. ഇത് രാജ്യദ്രോഹവും ജനവിരുദ്ധവുമായ നിലപാടാണ്. ഈ നയത്തിനെതിരെ സർക്കാർ ശക്ത മായി പ്രതികരിക്കണം. അതീവ ഗുരുതരമായ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഇപ്പോൾ ബോർഡിന് 2640 കോടി രൂപയുടെ ഷോർട്ട് ടേം ലോണുകളുടെ കടബാധ്യതയാണുള്ളത്. ഇന്ന് ബാങ്കുകൾ അഡ്വാൻസ് തരുന്നില്ല. ഒരു മാസത്തെ റവന്യൂ വരുമാനം 700 കോടി രൂപയും പവർ വാങ്ങാൻ ചെലവാ

കുന്നത് 750 കോടി രൂപയുമാണ്. ഇതിനുപുറമെ ശമ്പളം, പെൻഷൻ, മെയിന്റനൻസ്, മുതലായവയ്ക്കുള്ള തുക ഉൾപ്പടെ മാസാവസാനം 200 കോടി രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. പവർ വാങ്ങാനുള്ള തുക പോലും കടമെടുക്കുന്ന ഇപ്പോഴത്തെ സ്ഥിതിയിൽ ഇതുപോലുള്ള ഒരു സ്കീം സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിലൂടെ താൽക്കാലികമായ സാമ്പത്തിക പ്രയാസത്തിൽനിന്ന് മുക്തിനേടുന്നതിന് സാധിക്കുന്നതാണ്. കെ.എസ്.ഇ.ബി. പ്രൈവറ്റൈസ് ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് ഒരിക്കലും സമ്മതിച്ചിട്ടില്ല. ഇതിനോടകം പതിനെട്ട് സംസ്ഥാനങ്ങൾ കേന്ദ്ര നയം നടപ്പാക്കി ഗ്രാന്റ് വാങ്ങിയിട്ടുണ്ട്. മീറ്റർ ഇല്ലാത്ത സംസ്ഥാനങ്ങൾക്കാണ് ഫ്രാഞ്ചൈസി ആവശ്യമായി വരുന്നതെന്നതിനാൽ സംസ്ഥാനത്ത് അതിന്റെ ആവശ്യകത ഉണ്ടാകുന്നില്ല. ഫ്രാഞ്ചൈസി മോഡലോ പി.പി.പി. മോഡലോ അംഗീകരിക്കാതെ നിലവിലുള്ള സിസ്റ്റം തന്നെ തുടരാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളും അതാത് വർഷംതന്നെ താരിഫ് പെറ്റീഷൻ ഫയൽ ചെയ്യണമെന്ന സെൻട്രൽ റെഗുലേറ്ററി കമ്മീഷന്റെ വിധിയനുസരിച്ച് താരിഫ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ട്രാൻസ്മിഷൻ/ഡിസ്ട്രിബ്യൂഷൻ ലോസ് ഏറ്റവും കുറവുള്ള സംസ്ഥാന വൈദ്യുതി മേഖലയിൽ ഒരു കാരണവശാലും പ്രൈവറ്റൈസേഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : വൈദ്യുതി മേഖലയിൽ സ്വകാര്യവത്ക്കരണം നടപ്പാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നയം സംസ്ഥാനത്ത് നടപ്പാക്കുകയില്ലെന്ന നിലപാടിനെ പിന്തുണയ്ക്കുന്നു.

## ശ്രദ്ധ ക്ഷണിക്കൽ

### (1) മനുഷ്യരിൽ നടത്തുന്ന മരുന്നു പരീക്ഷണങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ : മരുന്നുകമ്പനികൾ മനുഷ്യരിൽ നിരവധി നിൽക്കുകയാണ്. വൈദ്യശാസ്ത്രം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെയും ധാർമ്മികതയുടെയും ലംഘനങ്ങൾ മരുന്നുമേഖലയിലെയും ചികിത്സാ മേഖലയിലെയും പരീക്ഷണ രംഗത്ത് വ്യാപകമാണ്. മരുന്ന് പരീക്ഷണത്തിന്റെ പ്രത്യാഘാതമായി നിരവധിപേർ മരണപ്പെട്ടുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ലാഭത്തിനുവേണ്ടി മരുന്നു കമ്പനികൾ മനുഷ്യശരീരത്തെ ഉപയോഗിക്കുന്നത് തടയുന്നതിനെക്കുറിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാനും അനധികൃതമായി മനുഷ്യ ശരീരത്തിൽ മരുന്നു പരീക്ഷണം നടത്തുന്നത് അവസാനിപ്പിക്കാനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ക്ലിനിക്കൽ ട്രയലുകൾക്ക് അനുമതി നൽകുന്നത് സെന്റർ ഫോർ ഡ്രഗ്സ് സ്റ്റാന്റേർഡ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ക്ലിനിക്കൽ ട്രയൽ പരിശോധന സംബന്ധിച്ച അധികാരങ്ങൾ നൽകിയിട്ടില്ല. പുതിയ മരുന്നുകൾ മൃഗങ്ങളിലും

ജീവജാലങ്ങളിലും പരീക്ഷണം നടത്തി വിജയിച്ചാൽ മാത്രമേ മനുഷ്യ ശരീരത്തിൽ പരീക്ഷണം നടത്താറുള്ളൂ. ഇപ്രകാരം ക്ലിനിക്കൽ ട്രയൽ നടത്തുന്നതിന് കേന്ദ്ര ഡ്രഗ്സ് കൺട്രോൾ ജനറലിന്റെ അംഗീകാരത്തോടെ അംഗീകൃത ഏജൻസികളേയോ പ്രമുഖ ആശുപത്രികളേയോ ഏൽപ്പിക്കാറുണ്ട്. മരുന്ന് പരീക്ഷിക്കുന്നതിനുമുമ്പ് പരീക്ഷണവിധേയമാകുന്ന വ്യക്തിയെ ധരിപ്പിക്കുകയും പ്രസ്തുത വ്യക്തിയുടെ സമ്മതം വാങ്ങുകയും ചെയ്യേണ്ടതുണ്ട്. പരീക്ഷണം നടത്തുമ്പോൾ എല്ലാവിധ മെഡിക്കൽ സപ്പോർട്ട് നൽകാനും പാർശ്വഫലങ്ങൾ ഉണ്ടായാൽ അത് തടയുന്നതിനും പ്രസ്തുത ഏജൻസി നടപടി സ്വീകരിക്കണം. എല്ലാ നടപടിക്രമങ്ങൾക്കും കേന്ദ്ര ഡ്രഗ്സ് കൺട്രോൾ ജനറലിന്റെ ലൈസൻസും അനുമതിയും ആവശ്യമാണ്. കേരളത്തിൽ അനധികൃതമായി മനുഷ്യരിൽ മരുന്നു പരീക്ഷണം നടത്തുന്നുവെന്ന് വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ആയത് തടയുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച സയൻസ് & ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഈ മാസം 28-ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കുന്നതും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## (2) സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനം

ശ്രീ. വി. ശിവൻകുട്ടി : തെറ്റായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പുതിയ കായിക നയത്തെ പിന്തുണയ്ക്കാൻ കഴിയില്ല. 136 കുട്ടികൾ പങ്കെടുത്ത കേരള ടീമിൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ ഹോസ്റ്റലുകളിലെ 1500-ഓളം കായികതാരങ്ങളിൽനിന്ന് 11 പേർ മാത്രം പങ്കെടുത്തത് ലജ്ജാകരമാണ്. സംസ്ഥാനത്ത് അന്തർദേശീയ നിലവാര

ത്തിലുള്ള സ്പോർട്ട്സ് റിസർച്ച് സെന്ററുകൾ ആരംഭിക്കണം. കായിക താരങ്ങൾക്ക് അനുവദിച്ചിട്ടുള്ള സ്പോർട്ട്സ് ക്വാട്ടയിൽ അനർഹർ കടന്നുകൂടുന്നത് തടയണം. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന കായികതാരങ്ങൾക്ക് തീവണ്ടിയാത്രയിൽ നേരിടേണ്ടി വരുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കാണാനും അവരുടെ ടി.എ./ഡി.എ. വർദ്ധിപ്പിക്കാനുമുള്ള നടപടിയുണ്ടാകണം. സ്പോർട്ട്സ് ആക്റ്റ് കുറ്റമറ്റരീതിയിൽ നടപ്പിലാക്കണം. അവശത അനുഭവിക്കുന്ന കായികതാരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും വിഹിതം സർക്കാർ വഹിക്കാനും തയ്യാറാകണം. പരിശീലകരേയും സംഘാടകരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സ്പോർട്ട്സ് താരങ്ങളെ മുൻനിറുത്തിയുള്ള നയമാണ് 2012 ഒക്ടോബർ മാസത്തിൽ ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. സ്പോർട്ട്സ് ക്വാട്ട നിയമനങ്ങളിൽ വൻ ക്രമക്കേടുകളും അഴിമതിയും നടന്നിരുന്നുവെന്ന വസ്തുത അംഗീകരിക്കുന്നു. 2000-ൽ പാസ്സാക്കിയ ആക്റ്റിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് ഒരു പുതിയ നിയമത്തിന് രൂപം നൽകി വരികയാണ്. സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ എൻട്രൻസ് പരീക്ഷയുടേതുപോലുള്ള റാങ്ക്ലിസ്റ്റ് തയ്യാറാക്കി നടത്തുന്നതിനുള്ള സോഫ്റ്റ്വെയർ എൻ.ഐ.സി. ഡെവലപ് ചെയ്തിട്ടുണ്ട്. ടീമുകളെ അനുഗമിച്ച ആളുകൾ നിയമനം നേടിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഈ സർക്കാർ സ്പോർട്ട്സ് ക്വാട്ടയിൽ 102 പേർക്ക് ജോലി നൽകിയിട്ടുണ്ട്. കായികതാരങ്ങളെ വിദേശ രാജ്യങ്ങളിൽ അയച്ച് പരിശീലനം നൽകുകയെന്ന ഉദ്ദേശത്തോടെ സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ടിന് രൂപം നൽകുകയും ആധുനിക ഉപകരണങ്ങളോടുകൂടിയ സ്പോർട്ട്സ് മെഡി

സിൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സ്പോർട്ട്സ് കൗൺസിലിലേയും സ്പോർട്ട്സ് ഡയറക്ടറേറ്റിലേയും പണത്തിന്റെ ദുർവിനിയോഗം തടയാൻ കഴിഞ്ഞിട്ടുണ്ട്. മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികളെ കോച്ചുകൾ കൈപിടിയിലാക്കുന്ന രീതി അവസാനിപ്പിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റിന്റെ സ്പോർട്ട്സ് നയത്തെ ഭരണ–പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും അനുകൂലിക്കാൻ തയ്യാറാകണം. കായികതാരങ്ങൾക്ക് തീവണ്ടികളിൽ എ.സി. യാത്ര അനുവദിക്കുന്നത് സംബന്ധിച്ച് റെയിൽവേയുമായി ചർച്ചകൾ നടന്നുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. സ്പോർട്ട്സ് താരങ്ങൾക്ക് നൽകി വരുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധികൾക്ക് പ്രത്യേക ഫണ്ട് ആവശ്യമായി വരുന്നതിനാൽ അതുസംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

**സബ്മിഷൻ**

(1) <u>സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തര ചടങ്ങ്</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : കാസർഗോഡ് ജില്ലയിലെ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഇ. കൃഷ്ണൻ മാസ്റ്ററുടെ മരണാനന്തര ചടങ്ങ് ഔദ്യോഗിക ബഹുമതിയോടുകൂടി നടത്താതെ അനാദരവ് കാണിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സ്വാതന്ത്ര്യസമര സേനാനി ഇ. കൃഷ്ണൻ മാസ്റ്റർ 15–2–2013–ൽ മരണപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മരണാനന്തര ചടങ്ങിൽ പങ്കെടുക്കുകയും റീത്ത് സമർപ്പിക്കു

കയും മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

(2) ദേശീയ ദിനാചരണത്തിന് പണം ലഭ്യമാക്കൽ

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനാചരണങ്ങളോടനുബന്ധിച്ച ആഘോഷങ്ങൾക്ക് ജില്ലാ ഭരണകൂടത്തിന് പണം അനുവദിക്കാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനാചരണങ്ങൾക്ക് നിലവിൽ സർക്കാർ ജില്ലാഭരണകൂടങ്ങൾക്ക് പ്രത്യേകമായി പണം അനുവദിക്കാറില്ല; ദേശീയ ദിനാചരണങ്ങളുടെ ഭാഗമായി സ്കൂൾ കുട്ടികൾ, എൻ.സി.സി. കേഡറ്റുകൾ, സ്കൗട്ട്&ഗൈഡ്സ് എന്നീ വിഭാഗങ്ങളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാനായി അവരുടെ യാത്രയ്ക്കും ലഘുഭക്ഷണത്തിനുമുള്ള ചെലവുകൾ ജില്ലാഭരണകൂടം വഹിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. ഈ വകയിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ പണം അനുവദിക്കണമെന്ന ജില്ലാകളക്ടറുടെ ആവശ്യത്തിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

(3) കണ്ണൂർ സൈബർ പാർക്ക് നിർമ്മാണ പ്രവർത്തനം

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ എരമംകുറ്റൂർ പഞ്ചായത്തിലെ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി): കണ്ണൂർ സൈബർ പാർക്കിന് റോഡ് സൗകര്യമുണ്ടാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനാണ് കാലവിളംബം ഉണ്ടാകുന്നത്. താമസിയാതെ സൈബർ പാർക്കിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(4) വിദ്യാഭ്യാസ വായ്പയ്ക്ക് മൊറട്ടോറിയം

<u>ശ്രീ. സി. ദിവാകരൻ:</u> ഉന്നത വിദ്യാഭ്യാസത്തിനായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വിദ്യാഭ്യാസവായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്):</u> 1-4-04 മുതൽ 2009 വരെയുള്ള കാല ഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത തൊഴിൽരഹിതർക്ക് പഠനകാലത്തെ പലിശബാധ്യത കേരള സർക്കാരും 2009-നുശേഷമുള്ള പലിശ ബാധ്യത കേന്ദ്ര സർക്കാരും ഏറ്റെടുത്തിട്ടുണ്ട്. അതിൻപ്രകാരം ബി.പി.എൽ വിഭാഗ ത്തിൽപ്പെട്ട അർഹരായവരെ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരികയാ ണ്. ഇതിൽ ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 10 –4–13–വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

### (5) <u>നിർമ്മാണ പ്രവർത്തന സാമഗ്രികൾ</u>

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>: വയനാട് ജില്ലയിൽ പാരിസ്ഥിതിക ആഘാതം കുറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന ക്വാറികൾക്ക് നിയമപ്രകാര മുള്ള അനുമതി നൽകി കരിങ്കല്ല്, മണൽ എന്നിവയുടെ ക്ഷാമം പരിഹരി ക്കാൻ നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻവയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കിയതുപ്രകാരം ജില്ലയിലെ ഖനന പ്രവൃത്തികൾ നിർത്തി വച്ചിരുന്നു. എന്നാൽ കരിങ്കൽ ഉൽപന്നങ്ങളുടെ ക്ഷാമം പരിഗണിച്ച് 23-11-12–ലെ സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ ഭൂമിയിലെ ചെറുകിട ഖനന

ങ്ങൾക്ക് ഒരു വർഷക്കാലത്തേക്ക് അനുമതി നൽകിയിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കാൻ ജില്ലയിലെ നിലവിലുള്ള അംഗീകൃത കടവുകളിൽ നിന്നും തുടർന്നും മണൽ നീക്കം ചെയ്യാൻ അനുമതി നൽകുകയും പഞ്ചായത്തുകളിൽ പുതിയതായി കടവുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(6) ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: ചെറുകിട ലോട്ടറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ആവശ്യാനുസരണം ലോട്ടറി ടിക്കറ്റുകൾ നൽകാൻ നടപടികൾ സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. .മാണി): 20 രൂപ മുഖവിലയുള്ള ടിക്കറ്റിന്റെ എണ്ണം 45 ലക്ഷമായി വർദ്ധിപ്പിക്കുകയും ചെറുകിട ഏജന്റുമാർക്ക് കുറഞ്ഞത് 125 ടിക്കറ്റെങ്കിലും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കർശനമായ നിർദ്ദേശം നൽകുകയും ചെയ്തി ട്ടുണ്ട്.

(7) മലമ്പുഴ നിയോജകമണ്ഡലത്തിലെ രൂക്ഷമായ വരൾച്ച

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: മലമ്പുഴ മണ്ഡത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനും വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ വരൾച്ച തടയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും വേണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മലമ്പുഴ നിയോജകമണ്ഡലത്തിലെ രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച് സമർപ്പിച്ച കർമ്മപദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

മലമ്പുഴ പഞ്ചായത്തിലെ പൂക്കാട് പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ലോറിയിൽ വെള്ളം നൽകണമെന്നും മുള്ളൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽക്കിണർ സ്ഥാപിക്കണമെന്ന് മുള്ളൂർ ഗ്രാമപഞ്ചായത്ത് പ്രതിനിധികളും ആവശ്യപ്പെട്ടിട്ടുണ്ട്. മുള്ളൂർ പഞ്ചായത്തിന്റെ ആവശ്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ളം എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം പ്രത്യേകമായി ജില്ലാകളക്ടർ നൽകുന്നതാണ്.

(8) മോട്ടോർവാഹന വകുപ്പ് ജീവനക്കാരുടെ ദൗർലഭ്യം

ശ്രീമതി പി. അയിഷാ പോറ്റി: മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മോട്ടോർ വാഹനവകുപ്പിലെ സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി 144 ആളുകളെ പുതുതായി നിയമിച്ചിട്ടുണ്ട്. 529 ആളുകളെ പുതുതായി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) വനഭൂമി കയ്യേറ്റം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: നിലമ്പൂർ താലൂക്കിൽ ആദിവാസികളുടെ കൈവശമുണ്ടായിരുന്ന 208 ഏക്കർ ഭൂമി ഉൾപ്പെടെ 8900 ഏക്കർ ഭൂമിയിൽ അനധികൃതമായി കയ്യേറിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആദിവാസി ഭൂമിയുൾപ്പെടെയുള്ള വനം-റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനും വനം കൊള്ള തടയുന്നതിനും സർവ്വേ നടപടികൾ പൂർത്തിയാക്കി വനത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നിലമ്പൂർ താലൂക്കിലെ ആദിവാസികൾക്ക് പെരിന്തൽമണ്ണ റവന്യൂ ഡിവിഷനുകീഴിൽ നിലമ്പൂർ താലൂക്കിൽ ഉൾപ്പെടെ 28 കേസുകളിൽ 74.73 ഏക്കർ ഭൂമി പ്ലോട്ടുകളായി തിരിച്ച് നൽകിയിട്ടുണ്ട്. ഈ കേസുകളിൽ പിന്നീട് ഭൂമി നഷ്ടപ്പെട്ടതായോ വനം വകുപ്പിന്റെ ജണ്ട പൊളിച്ചുമാറ്റി വഴി വെട്ടിയതായോ മരം മുറിച്ചുമാറ്റുന്നതായോ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുള്ളിപ്പാടം വില്ലേജിൽ ജില്ലാകളക്ടർ ചെയർമാനായുള്ള സംയുക്ത പരിശോധനാ ടീമിന്റെ റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതാണ്.

## (10) കാൻസർ രോഗികൾക്ക് പെൻഷൻ

പ്രൊഫ. സി. രവീന്ദ്രനാഥ്: കാൻസർ രോഗികൾക്ക് അനുവദിച്ച പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാൻസർ രോഗികൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുന്നതിനെ സംബന്ധിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (11) വെഞ്ഞാറമൂട്ടിൽ ഡിവൈ.എസ്.പി. ഓഫീസ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ആറ്റിങ്ങൽ-നെടുമങ്ങാട് സബ് ഡിവിഷനുകളെ മൂന്നാക്കി വിഭജിച്ച് വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി.യുടെ കീഴിൽ പുതിയ സബ്ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ സബ്ഡിവിഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും കണ്ടെത്തി അധികാരപരിധി തിരിച്ചുകൊണ്ടുള്ള മാപ്പ് തയ്യാറാക്കി പ്രൊപ്പോസലിൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കുന്നതാണ്.

## (12) കൊലപാതകങ്ങളിലെ പ്രതികളുടെ അറസ്റ്റ്

ശ്രീ. കെ. രാധാകൃഷ്ണൻ: ദേശമംഗലം പ്രദേശത്തെ ആസിയയുടേയും രഘു എന്ന ടാക്സി ഡ്രൈവറുടെയും കൊലപാതകങ്ങളെപ്പറ്റി അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആസിയ, രഘു എന്നിവരുടെ കൊലപാതകങ്ങളെ സംബന്ധിച്ച് പാലക്കാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. പ്രതിയായ പ്രസാദിനെതിരെ ലുക്കൗട്ട് നോട്ടീസ് കൊടുത്തിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## (13) ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജനം

ശ്രീ. എം. പി. വിൻസെന്റ്: ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയൊരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജിച്ച് വെട്ടുകാട്-മന്താമംഗലം പ്രദേശത്ത് പുത്തൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(14) പട്ടികജാതിയിൽപ്പെട്ട യുവാവിന് പോലീസ് മർദ്ദനം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി മുനിസിപ്പൽ അതിർത്തിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 വയസ്സുള്ള അരുണിനെ പോലീസ് മർദ്ദിച്ചതിനെപ്പറ്റി അന്വേഷിച്ച് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിമയ നടപടി സ്വീകരിക്കുകയും അരുണിന്റെ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തൃശൂർ-കൊടകര പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വെള്ളാഞ്ചിറയിൽ റെയിൽവേ ട്രാക്കിനടുത്തുള്ള പറമ്പിൽ മുറിച്ചിട്ടിരുന്ന രണ്ട് തടിക്കഷണങ്ങൾ 3-10-2012 രാത്രി റെയിൽവേട്രാക്കിലിട്ട് ട്രെയിൻ അട്ടിമറിക്കാൻ ശ്രമിച്ചുവെന്ന പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസന്വേഷണത്തിന്റെ ഭാഗമായിട്ടാണ് അരുണിനെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും ചോദ്യംചെയ്യലിനുശേഷം വിട്ടയയ്ക്കുകയും ചെയ്തത്. അതിനെത്തുടർന്ന് ജോബും കണ്ടാൽ അറിയാവുന്ന മൂന്ന് പോലീസുകാരും ചേർന്ന് മർദ്ദിച്ചുവെന്നാരോപിച്ച് അരുൺ ചാലക്കുടി ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പ്രവേശിക്കുകയും ആശുപത്രിയിൽ നിന്ന് ലഭിച്ച ഇന്റിമേഷന്റെയും അരുൺ നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈ.എസ്.പി. ആശുപത്രിയിലെത്തി അരുണിന്റെ മൊഴി രേഖപ്പെടുത്തി കേസ് അന്വേഷണം നടത്തിവരികയുമാണ്.

(15) കോങ്ങാട് ഫയർ സ്റ്റേഷൻ

ശ്രീ. കെ. വി. വിജയദാസ്: കോങ്ങാട് പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മൃഗസംരക്ഷണ വകുപ്പിൽ നിന്നും 40 സെന്റ് സ്ഥലം അഗ്നിശമന വകുപ്പിന് കൈമാറ്റം ചെയ്ത് കിട്ടിയാൽ കോങ്ങാട് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (16) സൂര്യനെല്ലി പെൺകുട്ടിയെക്കുറിച്ചുള്ള പരാമർശം

ശ്രീമതി കെ. എസ്. സലീഖ: സൂര്യനെല്ലി കേസിലെ പെൺകുട്ടിയെക്കുറിച്ച് കോൺഗ്രസ് നേതാവും എം.പി.യുമായ ശ്രീ. കെ. സുധാകരൻ നടത്തിയ പരാമർശം മനുഷ്യത്വരഹിതവും സാംസ്ക്കാരിക കേരളത്തോടുള്ള വെല്ലുവിളിയുമായതിനാൽ അദ്ദേഹത്തിനെതിരെ നടപടി സ്വീകരക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. കെ. സുധാകരൻ നടത്തിയ പ്രസ്താവനയോട് സർക്കാർ യോജിക്കുന്നില്ല. ഇതുസംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

### (17) അൽ അമീൻ എന്ന വ്യക്തിക്ക് മോചനം

ശ്രീ. പി.റ്റി.എ. റഹീം: ഒരു മാസമായി കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ തടവിൽ കഴിയുന്ന അൽ അമീനെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശിക്ഷ പൂർത്തിയാക്കിയ അൽ അമീനെ കോടതി ഉത്തരവ് പ്രകാരം 15-01-2013-ന് പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും ഏറ്റുവാങ്ങി. ഇദ്ദേഹത്തെ അതിർത്തി കടത്തിവിടുന്നതിനാവശ്യമായ യാത്രാരേഖകൾ ബംഗ്ലാദേശ് എമ്പസിയിൽ നിന്ന് ലഭിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയ

ത്തിന് സന്ദേശം നൽകിയിട്ടുണ്ട്. രേഖകൾ ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(18) മലബാർ സിമന്റ്സിലെ അഴിമതി

ശ്രീ. എം. ചന്ദ്രൻ: മലബാർ സിമന്റ്സിലെ അഴിമതികൾ സി.ബി.ഐ–യെക്കൊണ്ട് അന്വേഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുളള അഞ്ച് വിജിലൻസ് കേസുകളിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് കൊടുക്കുകയും അഞ്ചാമത്തേതിൽ അന്വേഷണം നടത്തിവരികയുമാണ്. ഈ കേസുകളിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് മരണപ്പെട്ട മുൻ കമ്പനി സെക്രട്ടറിയുടെ പിതാവ് കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. . പ്രസ്തുത കേസുമായി ബന്ധപ്പെട്ട രേഖകൾ സി.ബി.ഐ. യുടെ പരിശോധനയ്ക്കായി നൽകാൻ സമ്മതമാണെന്ന് ആഭ്യന്തര വകുപ്പ് ഹൈക്കോടതിയിൽ 16.01.2013–ൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്..

(19) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട്

ശ്രീ. പുരുഷൻ കടലുണ്ടി: ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും ഏജൻസികൾക്കും സാമൂഹ്യ സുരക്ഷാ മിഷനിലൂടെ സാമൂഹ്യനീതി വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുകയും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും വേണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നടത്തിപ്പിനായി വൻതോതിൽ

ഫണ്ട് ആവശ്യമായതിനാൽ ബഡ്ജറ്റിന് പുറത്തുനിന്നും കണ്ടെത്തേണ്ടി വരും. കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റാനുള്ള ഫണ്ടിൽ നിന്ന് തുക നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട് വി-കെയർ എന്ന പേരിൽ തുടങ്ങുന്ന പദ്ധതിയിൽ പേയ്മെന്റ് ഗേറ്റ് വേ സംവിധാനത്തിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഫണ്ടിലേയ്ക്ക് സംഭാവന നൽകാൻ കഴിയും. ഫണ്ട് സമാഹരിക്കുന്ന ഏജൻസിയെ നിർണ്ണയിക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു. ഫണ്ടിലേയ്ക്ക് നൽകുന്ന തുക ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ സാമൂഹ്യനീതി പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏപ്രിൽ 7-ന് പദ്ധതി നിലവിൽ വരണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സംവിധാനം സുതാര്യമാക്കാനായി മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു സംസ്ഥാനതല സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## (20) <u>വിദ്യാഭ്യാസ വായ്പ</u>

<u>ശ്രീ. എം.എ. ബേബി:</u> വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്):</u> 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പയെടുക്കുകയും ജോലി ലഭിക്കാത്തതുമൂലം അവശത അനുഭവിക്കുന്നതുമായ ബി.പി.എൽ. വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ

വായ്പയുടെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്നാണ് 2012–13–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത്.

(21) അടയ്ക്കാ കർഷക പാക്കേജ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി പ്രഖ്യാപിച്ചിരുന്ന പത്ത് കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): ഫണ്ടിന്റെ അപര്യാപ്തതമൂലം അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2013–14 വർഷത്തെ ബഡ്ജറ്റിൽ അടയ്ക്കാ കർഷക പാക്കേജ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(22) ആനത്തൊട്ടാവാടിയുടെ വ്യാപനം

ശ്രീമതി ഇ.എസ്. ബിജിമോൾ: ആനത്തൊട്ടാവാടിയുടെ വ്യാപനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരള കാർഷിക സർവ്വകലാശാലയും ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് ആനത്തൊട്ടാവാടിയുടെ വ്യാപനം തടയുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

(23) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കുടിശ്ശിക

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള തുക ആശുപത്രികൾക്ക് നൽകാൻ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ചതും സ്വകാര്യ ആശുപത്രികൾ ക്രമക്കേടുകൾ നടത്തിയതും കാരണമാണ് ഇൻഷ്വറൻസ് തുക കൊടുക്കാൻ കാലതാമസം നേരിട്ടത്. ഇൻഷ്വറൻസ് ഏജൻസികളെ ശക്തിപ്പെടുത്തി കൃത്രിമങ്ങൾ ഒഴിവാക്കി ജനങ്ങൾക്ക് ഗുണം നൽകുന്ന നിലയിൽ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## (24) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും പ്രീമിയം തുക 10/- രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ കുടിശ്ശിക നൽകാൻ സർക്കാരിന് ബുദ്ധിമുട്ടാണ്. പ്രീമിയം തുകയും ഭൂവുടമകളിൽനിന്നുള്ള വരുമാനവും വർദ്ധിപ്പിച്ച് വ്യാജ അംഗത്വം ഒഴിവാക്കി ബോർഡിനെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

## (25) പുകയിലത്തോപ്പ് കോളനി വികസന പദ്ധതി

ശ്രീ. വി. ശശി: പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപയ്ക്കുള്ള സമഗ്രവികസന പദ്ധതി നടപ്പാക്കാനുള്ള വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കാനും പുകയിലത്തോപ്പ് കോളനിയിലെ വികസനം സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): 50 കുടുംബങ്ങളിലധികം താമസിക്കുന്ന 436 കോളനികൾ സ്വയംപര്യാപ്തമായ ഗ്രാമങ്ങളാക്കി മാറ്റാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 120 ജനപ്രതിനിധികൾ തെരഞ്ഞെടുത്ത 120 ഗ്രാമങ്ങൾ സെലക്ട് ചെയ്തതിൽ പുകയിലത്തോപ്പ് കോളനിയും ഉൾപ്പെടുന്നുണ്ട്. പുകയിലത്തോപ്പ് കോളനിയുടെ എസ്റ്റിമേറ്റ് ഒരു കോടി രൂപയായി ചുരുക്കി പദ്ധതി മാർച്ച് ആദ്യവാരത്തോടുകൂടി ആരംഭിക്കുന്നതാണ്.

## (26) ഫെസ്റ്റിവലുകൾക്ക് സാമ്പത്തിക സഹായം

ശ്രീ. ടി.എൻ. പ്രതാപൻ: നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന വിവിധ ഫെസ്റ്റിവലുകൾക്ക് ടൂറിസം വകുപ്പിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ ഫെസ്റ്റിവലുകൾ കണക്കിലെടുത്തുകൊണ്ട് നടപ്പു സാമ്പത്തികവർഷം പ്രൊമോഷൻ ഓഫ് ലോക്കൽ കൽച്ചറൽ പ്രോഗ്രാംസ്, ബോട്ട് റെയ്സ് എന്നിവയ്ക്ക് ഫെയർ ആന്റ് ഫെസ്റ്റിവൽസ് എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ആറ് കോടി രൂപ കേരളത്തിലെ വിവിധ പാരമ്പര്യ കലാരൂപങ്ങളുടെ വളർച്ചയും പ്രോൽസാഹനവും ലക്ഷ്യമിട്ടുള്ള കർമ്മ പരിപാടികൾക്കാണ് വിനിയോഗിക്കുന്നത്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ സംഘടിപ്പിച്ചുവരുന്ന ഫെസ്റ്റിവലുകളുടെ സമഗ്രമായ നടത്തിപ്പിനായി ടൂറിസം വകുപ്പിൽ നിന്ന് സാമ്പത്തികസഹായം അനുവദിച്ചു വരുന്നു. അവ യഥാസമയം അനുവദിച്ചുനൽകുന്നതിന് ആവശ്യമായ

നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. പ്രസ്തുത ഫെസ്റ്റിവലുകൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചുനൽകുന്ന കാര്യവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

(27) ചിലക്കൂർ ഫിഷിംഗ് ഹാർബർ

ശ്രീ. വർക്കല കഹാർ: ചിലക്കൂർ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ചിലക്കൂർ ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു കഴിഞ്ഞു. മോഡൽ സ്റ്റഡി റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കേന്ദ്ര സഹായത്തിനായി പദ്ധതി സമർപ്പിക്കുന്നതാണ്. സി.ഡബ്ല്യു.പി.ആർ.എസ്, പൂനൈ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം പ്രവൃത്തികളുടെ പഠനം നടത്തി പതിനഞ്ച് ദിവസത്തിനുള്ളിൽ പൂനൈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിലിമിനറി റിപ്പോർട്ട് ലഭിക്കുന്നതാണ്. ഫൈനൽ റിപ്പോർട്ട് കിട്ടിയാലുടൻ കേന്ദ്ര അംഗീകാരത്തിനായി സമർപ്പിക്കും. അടുത്ത സാമ്പത്തിക വർഷം ഇതിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(28) ഫിഷറീസ് ഡിസ്പെൻസറി

ശ്രീ. കെ. ദാസൻ : കൊയിലാണ്ടിയിലെ കണ്ണൻകടവ്, എഴുകുടിക്കൽ ബീച്ച്, അയണിക്കാട് എന്നീ സ്ഥലങ്ങളിൽ മൽസ്യത്തൊഴിലാളികൾക്കും തീരദേശജനവിഭാഗങ്ങൾക്കും വേണ്ടി അനുവദിച്ച ഫിഷറീസ് ഡിസ്പെൻസറി യാഥാർത്ഥ്യമാക്കണം.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : നിലവിലുള്ള കൊയിലാണ്ടി പബ്ലിക് ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ 13.8.2012 –ൽ ഭരണാനുമതി നൽകുകയും തീര ദേശ വികസന കോർപ്പറേഷൻ ഇതിനായി 20.52 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഉടൻ ടെന്റർ ചെയ്യുന്നതുമാണ്. ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നത് ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ്. ആരോഗ്യ വകുപ്പാണ് പോസ്റ്റ് ക്രിയേഷനും മറ്റുകാര്യങ്ങളും നടത്തുന്നത്.

### (29) ഡിപ്ലോമയും ബി.എഡ്ഡും തുല്യമാക്കിക്കൊണ്ടുള്ള ഉത്തരവ്

ശ്രീ. കെ. സുരേഷ് കുറുപ്പ് : പൊതു വിദ്യാഭ്യാസ വകുപ്പ് ഫെബ്രുവരി 11 – ാം തീയതി ഇറക്കിയ ഉത്തരവ് പ്രകാരം എൽ.ടി.ടി.സി./ഡി.എൽ.ഇ. കോഴ്സുകൾ ബി.എഡിന് തുല്യമായി അംഗീകരിക്കുകയുണ്ടായി. എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് ഇറക്കിയ ഈ ഉത്തരവ് എത്രയുംവേഗം പിൻവലിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി./ഡി.എൽ.ഇ. കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ്ഡ് കോഴ്സിന് തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് 2005–ന് ശേഷമാണ് ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്. ബി.എഡ്ഡ്.ന്റെ അഡ്മിഷനുള്ള മാനദണ്ഡം പാലിച്ചുകൊണ്ടുതന്നെയാണ് എൽ.ടി.ടി.സി/ഡി.എൽ.ഇ. കോഴ്സുകൾക്ക് അഡ്മിഷൻ കൊടുക്കുന്നത്. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നടത്തുന്ന ബി.എഡ്.(ഹിന്ദി, അറബി, ഉറുദു) കോഴ്സ് കേരള പരീക്ഷാ

കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി/ഡി.എൽ.ഇ. കോഴ്സുകൾക്ക് തുല്യമാണെന്ന എസ്.സി.ഇ.ആർ.ടി.യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് എൽ.ടി.ടി.സി./ഡി.എൽ.ഇ. കോഴ്സ് ബി.എഡിന് തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

### (30) ഫോറിൻ ലാംഗ്വേജസ് ഓഫ് ക്യാമ്പസ് സെന്റർ

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്ത് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് ഓഫ് ക്യാമ്പസ് സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കൈമാറുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജസ് ഓഫ് ക്യാമ്പസ് സെന്റർ മലപ്പുറത്ത് സ്ഥാപിക്കുന്നതിനും 75 ഏക്കർ ഭൂമി കൈമാറുന്നതിനും മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്.

### (31) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫുൾടൈം ഡയറക്ടർമാർ

ശ്രീ. അൻവർ സാദത്ത് : രാഷ്ട്രീയ മാധ്യമശിക്ഷാ അഭിയാൻ, സർവ്വ ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ./എസ്.എസ്.എ) എന്നിവയ്ക്ക് ഫുൾടൈം ഡയറക്ടർമാരെ നിയമിച്ച് പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : ആർ. എം.എസ്.എ/എസ്.എസ്.എ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ചാണ് നടന്നുവരുന്നത്. ആർ.എം.എസ്.എ.ക്ക് ഈ വർഷം 60 കോടി രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. എസ്.എസ്.എ. യുടെ 2012-13

വർഷത്തെ അടങ്കൽ. തുകയായ 523.01 കോടി രൂപയിൽ നാളിതുവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച ആകെ 344.52 കോടി രൂപയിൽ 31.1.2013 വരെ 262.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.എം.എസ്.എ.ക്ക് ഇപ്പോൾ ഫുൾടൈം ഡയറക്ടർ ഉണ്ട്. എസ്.എസ്.എ.യെ സംബന്ധിച്ചിടത്തോളം അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ മുഴുവൻ സമയ ചുമതലയും നൽകിയിട്ടുണ്ട്.

## (32) നിർമ്മാണ രംഗത്തെ വ്യാജ സ്ഥാപനങ്ങൾ

ശ്രീ. പി.ബി. അബ്ദുൾ റസാക് : സംസ്ഥാനത്ത് ഫ്ളാറ്റുകളും മറ്റ് കൊമേഴ്സ്യൽ കെട്ടിടങ്ങളും നിർമ്മിച്ചു നൽകാമെന്ന് വാഗ്ദാനം നൽകി ജനങ്ങളെ കബളിപ്പിക്കുന്ന വ്യാജസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : ഫ്ളാറ്റ്, വില്ല, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു നൽകാമെന്ന് പരസ്യം നൽകി അഡ്വാൻസ് തുക വാങ്ങി എഗ്രിമെന്റ് വച്ചതിനുശേഷം ആവശ്യക്കാരെ പല രീതിയിൽ കബളിപ്പിക്കുന്നതുൾപ്പെടെ കെട്ടിട നിർമ്മാണ രംഗത്തുള്ള ചൂഷണം തടയുന്നതിനും സാധാരണക്കാരുടെ താല്പര്യം സംരക്ഷിക്കപ്പെടുന്നതിനുമായി 'ദി റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ബിൽ' കൊണ്ടുവരുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതേ മാതൃകയിൽ സംസ്ഥാനത്തിന് യോജിച്ച ഒരു നിയമം സംസ്ഥാന സർക്കാരും കൊണ്ടുവരുന്നതാണ്.

## (33) പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം

ശ്രീ. ബി. സത്യൻ : ആറ്റിങ്ങൽ മാമത്തെ നിർദ്ദിഷ്ട മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): നിലവിലുള്ള സ്ഥലത്തുനിന്നും ബസ് സ്റ്റാന്റ് മാമം ഗ്രൗണ്ടിലേയ്ക്ക് മാറ്റുന്നതിന് ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ തീരുമാനമെടുക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചുവന്നതുമാണ്. എന്നാൽ 2006–ൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ശ്രീമതി ലളിതാംബ ബായി മുതൽപേർ അവകാശവാദം ഉന്നയിച്ചുകൊണ്ട് കേസ് ഫയൽ ചെയ്യുകയും നിർമ്മാണപ്രവർത്തനങ്ങൾക്കെതിരെ നിരോധന ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയുമാണ്. കേസ്സിൽ തീരുമാനമാകുന്ന മുറയ്ക്ക് പുതിയ ബസ് സ്റ്റാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## (34) വൈക്കം സത്യാഗ്രഹ സ്മാരകം

ശ്രീ. കെ. അജിത്: വൈക്കം നഗരസഭ സ്ഥാപിച്ചിട്ടുള്ള സത്യാഗ്രഹ മെമ്മോറിയൽ ഹാളിനുമുമ്പിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): വൈക്കം സത്യാഗ്രഹ സ്മാരക മന്ദിരത്തിന് മുൻവശത്ത് മഹാത്മാഗാന്ധിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച് ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്.

## (35) തെരുവുനായ്ക്കളുടെ ശല്യം

ശ്രീ. കെ.എം. ഷാജി: തെരുവുനായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിനാവശ്യമായ പ്രായോഗിക നടപടികൾ കൈക്കൊളളണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തെരുവുനായ്ക്കളെ കൊല്ലുന്നത് പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു ആനിമൽ ആക്ട് പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമാണ്. അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ലോക്കൽ അതോറിറ്റികളുടെയും ജന്തു സംഘടനകളുടെയും പങ്കാളിത്തത്തോടെ തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തിയും രോഗപ്രതിരോധ കുത്തിവയ്പ് നൽകിയും വിട്ടയയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. പേ വിഷബാധ നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. പേ വിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകൾ സർക്കാർ ആശുപത്രികൾവഴി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. തെരുവുനായ്ക്കൾക്ക് ഭക്ഷണവും ചികിത്സയും നൽകി നഗരസഭയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കെന്നൽ ക്ലബ് മോഡലിൽ സംരക്ഷിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (36) പുതിയ പാലം

ശ്രീ. സി.പി. മുഹമ്മദ്: കുന്തിപ്പുഴയിൽ പാലോളികുണ്ടിലും മപ്പാട്ടുകര പുറമത്രയിലും പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കുന്തിപ്പുഴയ്ക്ക് കുറുകെ മപ്പാട്ടുകരയിലും പാലോളികുണ്ടിലും പാലങ്ങൾ നിർമ്മിക്കുന്നത് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 28-04-12-ൽ യഥാ ക്രമം 1400 ലക്ഷം രൂപയുടെയും 900 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തത്വത്തിൽ അംഗീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീക രിച്ച് ഡിസൈനുള്ള വിശദാംശങ്ങൾ തയ്യാറാക്കിവരികയുമാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (37) ജീവനക്കാരുടെ പുനർവിന്യാസം

ഡോ. ടി.എം. തോമസ് ഐസക്: തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിലെ ജീവന ക്കാരുടെ പുനർവിന്യാസം താല്ക്കാലികമായി തടഞ്ഞുവച്ചത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (38) പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. വി.എസ്. സുനിൽ കുമാർ: കയ്പമംഗലം നിയോജകമണ്ഡല ത്തിലെ ആല-ഗോതുരുത്ത് പാലത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പ്രസ്തുത പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കുകയും 742 ലക്ഷം രൂപ

യുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക യോഗം വിളിച്ചുചേർത്ത് പാലത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (39) ദേശീയപാതാ മീഡിയനുകളിലെ വഴിവിളക്കുകൾ

ശ്രീ. എ.എം. ആരിഫ്: അരൂർ മുതൽ തങ്കിക്കവല വരെയുള്ള ദേശീയ പാതയിൽ വഴിവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പരസ്യങ്ങളില്ലാതെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദമുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുടെ സ്പെസിഫിക്കേഷനിലുള്ള പരസ്യങ്ങൾ വച്ചുകൊണ്ട് വഴിവിളക്കുകൾ സ്പോൺസർ ചെയ്യാൻ താല്പര്യമുള്ളവരുണ്ടെങ്കിൽ അതിന് അനുമതി നൽകാവുന്നതാണ്.

### (40) പാലം നിർമ്മാണത്തിന് റീടെണ്ടർ

ശ്രീ. വി.പി. സജീന്ദ്രൻ: കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരംകടവ് പാലത്തിന്റെ നിർമ്മാണത്തിനായി റീടെണ്ടർ നടപടി സമയബന്ധിതമായി പൂർത്തീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കോരംകടവ് പാലത്തിന്റെ പുതിയ എസ്.ഒ.ആർ. അനുസരിച്ച് റീ ടെണ്ടർ ചെയ്ത് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (41) ബൈപ്പാസ് നിർമ്മാണം

ശ്രീ. വി. ചെന്താമരാക്ഷൻ: മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): തണ്ണീർത്തട സംരക്ഷണ സമിതിയുടെ അനുവാദം ലഭിച്ചതിനെത്തുടർന്ന് ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (42) പാലം നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: ചാഴൂർ പഞ്ചായത്തിൽപ്പെട്ട പഴുവിൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പഴുവിൽ പാലത്തിന്റെ ഡിസൈൻ ഡ്രിക് ബോർഡ് തയ്യാറാക്കിവരികയാണ്. ഡിസൈൻ ലഭിച്ചാൽ 2013 മാർച്ച് മാസത്തിൽത്തന്നെ ടെണ്ടർ വിളിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## (43) പാലം പണി പൂർത്തീകരണം

ശ്രീ. പി. തിലോത്തമൻ: ചേർത്തല നിയോജകമണ്ഡലത്തിലെ നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 15-01-05-ൽ ആരംഭിച്ച വിളക്കുമരം പാലത്തിന്റെ പണി അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. 22 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. അഡ്വാൻസ് പൊസഷൻ ലഭിച്ചാൽ ഭരണാനുമതി നൽകുന്നതാണ്.

## (44) കേന്ദ്രസഹായം ലഭ്യമാക്കൽ

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി കേന്ദ്രസർക്കാർ അനുവദിച്ച പണം നേടിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ധനസഹായം ലഭിക്കുന്നതിനുവേണ്ടി 14 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 434 അപേക്ഷകൾ യഥാസമയവും 15 അപേക്ഷകൾ അവസാന തീയതിക്ക് ശേഷവും ലഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി അംഗീകരിക്കുന്ന അപേക്ഷകൾ യഥാസമയം കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കുകയും ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. 123 സ്ഥാപനങ്ങൾക്കായി കഴിഞ്ഞ വർഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 27.097 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

### (1) 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ വന്നിട്ടുള്ള ഭേദഗതികളിൽ ഭൂരിഭാഗവും ഡെഫിനിഷനെ സംബന്ധിച്ചുള്ളതാണ്. കോമ്പീറ്റന്റ് അതോറിറ്റി എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജിമ 'ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നാണ്. മലയാളത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇംഗ്ലീഷ് വേർഷൻ സ്വീകരിച്ചാൽ മതി.

ശ്രീ. വി. ചെന്താമരാക്ഷൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഇത്തരം സ്ഥാപനങ്ങൾക്ക് നിർബന്ധ രജിസ്ട്രേഷനും പരിശോധനാ സംവിധാനങ്ങളും ഏർപ്പെടുത്തണം. നിയമങ്ങൾ

പ്രാവർത്തികമാക്കുന്നതിനുള്ള ഇച്ഛാശക്തിയോടുകൂടിയ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. മുല്ലക്കര രത്നാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കുന്നവരെ നിരുൽസാഹപ്പെടുത്തുകയും പണം എവിടെ നിക്ഷേപിക്കണമെന്നും അത് സത്യസന്ധമായ പണമാണോ എന്ന് പരിശോധന നടത്തുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ടാകണം. സമൂഹത്തിൽ ഇപ്പോൾ നടക്കുന്ന പണമിടപാട് സംവിധാനത്തിന്റെ സുതാര്യ തയും സത്യസന്ധതയും നിലനിർത്തുന്നതിനും പണമിടപാട് സംവിധാന ത്തിലെ പാളിച്ചകൾ ഇല്ലാതാക്കുന്നതിനും ഈ നിയമം പര്യാപ്തമല്ല. ഇത് പരിഹരിച്ച് ഗവൺമെന്റ് നിയന്ത്രിക്കുന്ന ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരാവുന്ന തരത്തിലേയ്ക്ക് ഈ നിയമം കർശനമാക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കു ലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തട്ടിപ്പുകാർ കേരളത്തിലേയ്ക്ക് വന്ന് ജനങ്ങളുടെ സമ്പത്ത് മുഴുവൻ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. കോടിക്കണക്കിന് രൂപ ചെല വഴിച്ച് പരിപാടികൾ സ്പോൺസർ ചെയ്ത് വൻകിട സ്ഥാപനങ്ങൾ തട്ടിപ്പ് നടത്തുകയാണ്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യമായ സംവി ധാനമുണ്ടാകണം.

ശ്രീ. കെ. മുരളീധരൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗ

ണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആളുകളുടെ വികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ട് വഞ്ചിക്കുകയും സ്വത്ത് പിടിച്ചെടുക്കുകയും ചെയ്യുന്ന തട്ടിപ്പു സംഘങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്.
ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകാമെന്ന വാഗ്ദാനം നൽകി പണം വാങ്ങി പാതി വഴിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുന്നവരെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. സാമൂഹ്യ പ്രതിബദ്ധതയുള്ള സിനിമാതാരങ്ങൾ തട്ടിപ്പ് സംഘങ്ങളുടെ പരസ്യങ്ങളിൽ അഭിനയിക്കുകയും അതുവഴി ജനങ്ങൾ വഞ്ചിതരാകുകയും ചെയ്യുന്ന അവസ്ഥ ദൗർഭാഗ്യകരമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : വകുപ്പ് 2 (സി)-യിൽ പറയുന്ന കാര്യങ്ങൾ ഒഴികെയുള്ള മുഴുവൻ ധനകാര്യ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നതിനാൽ വിപുലമായ അധികാരങ്ങൾ ബില്ലിന് ലഭിക്കുകയാണ്. നിക്ഷേപകരെ വഞ്ചിക്കുന്നവരിൽനിന്നും തുക തിരികെ ഈടാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിനാൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2–ാം വകുപ്പ്</u>

109, 111, 112, 113, 115, 116, 117, 119, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതി 38–നെതിരെ 46 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>3–ാം വകുപ്പ്</u>

124, 125, 127, 128, 129, 132, 133, 134, 134 (A), 135, 136, 138, 140, 142,143, 144, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

148 എ, 149, 150, 151, 151 എ, 153, 154, 155, 156, 157, 158, 160, 161, 162, 164, 165, 166, 167, 168, 169, 170, 171, 173, 174, 175, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5–ാം വകുപ്പ്</u>

179, 180, 181, 182, 183, 184, 186, 187, 189, 190, 192, 194, 195, 196, 197, 198, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6–ാം വകുപ്പ്</u>

203, 204, 205 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാം വകുപ്പ്

206, 209, 210, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

8-ാം വകുപ്പ്

214, 215, 217, 218, 219, 219 എ, 220, 221, 222, 223, 224, 229, 230, 234, 235, 236, 238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

10-ാം വകുപ്പ്

241, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

11-ാം വകുപ്പ്

245, 247, 249 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

12-ാം വകുപ്പ്

251-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

13-ാം വകുപ്പ്

259, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

14-ാം വകുപ്പ്

262, 266 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

15-ാം വകുപ്പ്

267–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

16–ാം വകുപ്പ്

269, 270, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

1–ാം വകുപ്പും പീഠികയും പേരും

107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012–ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2012–ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) **2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ**

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. പി. ജയരാജൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള ക്ഷീര കർഷക ക്ഷേമനിധി നിയമത്തിലും ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരം കാണാനോ അവർക്ക് ആശ്വാസം നൽകുന്നതിനോ ബില്ലിൽ വ്യവസ്ഥകളില്ല. കേരളത്തിലെ മുഴുവൻ ക്ഷീരകർഷകരെയും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ആശ്വാസം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. പാൽവില കൂട്ടുന്നതിനനുസൃതമായി ക്ഷീരകർഷകന് വർദ്ധിച്ച ആനുകൂല്യം ലഭ്യമാക്കണം. ക്ഷീരകർഷകർ ക്ഷേമനിധിയിൽ അടയ്ക്കുന്ന അംശദായത്തിന് ആനുപാതികമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. ക്ഷീരകർഷകരുടെ പ്രതിമാസ പെൻഷൻ ചുരുങ്ങിയത് ആയിരം രൂപയായി വർദ്ധിപ്പിക്കാനും ക്ഷീരകർഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും നടപടി സ്വീകരിക്കണം. കേരളത്തിലെ ക്ഷീരോല്പാദകരിൽനിന്നും പാൽ സംഭരിച്ച് മാർക്കറ്റ് ചെയ്യണമെന്നുള്ള നയം സ്വീകരിക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവ് കണക്കിലെടുത്ത് കർഷകർക്ക് 50 ശതമാനം സബ്സിഡി കൊടുക്കാനും കൃഷിക്കാരുടെ താല്പര്യത്തിന് മുൻതൂക്കം കൊടുക്കുന്ന നിലയിൽ ഈ നിയമത്തെ മാറ്റാനും നടപടിയുണ്ടാകണം.

ശ്രീ. എസ്. ശർമ്മ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്കനിലയിൽ ക്ഷേമനിധിയുടെ അടിത്തറ വിപുലീകരിക്കണം. ദീർഘവീക്ഷണത്തോടും ശാസ്ത്രീയവുമായ ക്ഷീര മാനേജ്മെന്റ് നയം ആവിഷ്ക്കരിക്കണം. മിൽമയുടെ നയത്തിൽ മാറ്റം വരു

ത്താൻ ഗവൺമെന്റ് ഇടപെടണം. 3.5 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഘടകങ്ങളും ഉണ്ടെങ്കിൽ മാത്രമേ കർഷർക്ക് ആനുകൂല്യങ്ങൾ നൽകുകയുള്ളൂവെന്ന നിലപാട് പുന:പരിശോധിക്കപ്പെടണം. പാലുൽപാദന ത്തിലുണ്ടാകുന്ന അധികച്ചെലവ് സബ്സിഡി വഴി നികത്താൻ കഴിയണം. സംഘവും മിൽമയും സംഭരിക്കുന്ന പാലിന് മിനിമം വില നിശ്ചയിക്കാനുള്ള ക്രമീകരണം ഉണ്ടാക്കണം. കാലിത്തീറ്റയ്ക്ക് 50 ശതമാനം സബ്സിഡി അനുവദിക്കണം. ക്ഷേമനിധിയിലൂടെ ക്ഷീരകർഷകർക്ക് വിദ്യാഭ്യാസ-വിവാഹ-ചികിത്സാ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്ക ണം. പ്രാഥമിക സംഘങ്ങൾക്ക് പ്രവർത്തന മൂലധനവും റിവോൾവിംഗ് ഫണ്ടും നൽ കണം. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ സ്ഥാപി ക്കണം. ക്ഷീരകർഷകർക്ക് പലിശരഹിത വായ്പാ സംവിധാനം നടപ്പിലാ ക്കണം. ക്ഷീരകർഷകർക്ക് സൗജന്യ ഇൻഷുറൻസ് സ്കീം ആവിഷ്ക്കരി ക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം.

ശ്രീ. ജെയിംസ് മാത്യു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീരകർഷ കർക്ക് പ്രതീക്ഷയ്ക്ക് വകനൽകാനോ കൂടുതൽ ക്ഷീരകർഷകരെ നില നിറുത്തുന്നതിനോ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോ ഈ ഭേദഗതി ബിൽ ഉപകരിക്കുകയില്ല. പാലിന്റെ വില നിശ്ചയിക്കാനുള്ള അവകാശം പാലുൽപ്പാദകർക്ക് നൽകണം. പാലിന്റെ വില വർദ്ധനവിനനുസൃതമായി ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭ്യമാക്കാൻ കഴിയണം. കേരളത്തിൽ പശുക്കളെ വളർത്തുന്നതിനുള്ള സാഹചര്യം അനുനിമിഷം കുറഞ്ഞുവരി കയാണ്. കന്നുകാലി പരിപാലന രംഗത്ത് ആകർഷണീയത ഉണ്ടാക്കത്തക്കവി ധത്തിൽ ക്ഷീരകർഷകരുടെ പെൻഷൻ തുക കാലാനുസൃതമായി വർദ്ധി

പ്പിച്ച് നൽകണം. പാലുൽപ്പന്നങ്ങൾക്ക് നിശ്ചിത ശതമാനം സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷീരകർഷകരുടെ പെൻഷൻ 1000 രൂപയാക്കി വർദ്ധിപ്പിക്കണം. ക്ഷേമനിധിയിൽ നിന്നും പെൺമക്കളുടെ വിവാഹം, മരണാനന്തര ചടങ്ങുകൾ, വിദ്യാഭ്യാസ ആനുകൂല്യം എന്നിവയ്ക്ക് ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കണം. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകണം. പാലിലെ ഘടകങ്ങൾ നിർണ്ണയിക്കുന്ന ചാർട്ട് പുന:സംവിധാനം ചെയ്യണം. ക്ഷേമനിധി അംഗം മരണപ്പെട്ടാൽ അടച്ച സംഖ്യ തിരികെ നൽകാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം. ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

ശ്രീ. വി.റ്റി. ബൽറാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന ചെറുകിട ക്ഷീര കർഷകർക്ക് സഹായകരമായ ഈ ഭേദഗതി അഭിനന്ദനാർഹമാണ്. പഞ്ചായത്തുകൾ ഏർപ്പെടുത്തുന്ന നിബന്ധനകൾമൂലം മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കണം. . ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അന്യസംസ്ഥാന പാലിന്റെ ഗുണനില

വാരം പരിശോധിക്കുന്നതിനായി അതിർത്തികളിൽ ചെക്ക്പോസ്റ്റിനോട് ചേർന്ന് ലാബ് സൗകര്യം ഏർപ്പെടുത്തണം. അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടു മെന്റിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കണം. കന്നുകാലി കൾക്ക് നൽകുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ സപ്ലൈ ചെയ്യുന്ന കമ്പ നികളെ ബ്ലാക്ക് ലിസ്റ്റിൽപെടുത്തണം. ക്ഷീരകർഷക പെൻഷൻ 1000 രൂപ യായി വർദ്ധിപ്പിക്കണം. നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തി ക്യാറ്റിൽ ബ്രീഡ്സ് സംരക്ഷിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്):</u> പാൽ വില കൂട്ടിയതുവഴി മിൽമയ്ക്ക് ലഭിച്ച വരുമാനത്തിന്റെ ഭൂരിഭാഗവും കർഷകനാണ് നൽകിയത്. പാലിലെ എസ്.എൻ.എഫ്. കണ്ടന്റ് ഉൾപ്പെടെയുള്ള ഘടകങ്ങൾ നിർണ്ണയിക്കുന്ന ചാർട്ട് ശാസ്ത്രീയമായി പരിഷ്ക്കരിക്കും. ഈ ബിൽ ഓർഡിനൻസായി വരുന്നതിനുമുമ്പ് അംഗങ്ങളായവർ പ്രതിവർഷം 500 ലിറ്റർ പാൽ 10 വർഷവും അതിനുശേഷം ചേർന്നവർ 5 വർഷവും അളന്നാൽ മതി എന്ന നിബന്ധന മാറ്റി പൊതുവായി അഞ്ച് കൊല്ലക്കാലം എന്നാക്കിയതുവഴി 5000 കർഷകർ ഈ ആനുകൂല്യത്തിന്റെ പരിധിയിൽ വരികയും നേരത്തെയുണ്ടാ യിരുന്ന അനോമലി പരിഹരിക്കപ്പെടുകയും ചെയ്യും. ക്ഷേമനിധി അംശദായ ത്തിന്റെ നിലവിലുണ്ടായിരുന്ന വ്യവസ്ഥ മാറ്റി പാൽ വില കൂട്ടിയാൽ ലഭി ക്കുന്ന ആനുപാതിക വർദ്ധനവ് ശതമാനമാക്കി നിശ്ചയിച്ചതിനാൽ 7കോടി രൂപ അധികമായി ലഭിക്കും. ക്ഷേമനിധി അംശദായം വർദ്ധിപ്പിക്കുന്നതിനനു സരിച്ചുള്ള ആനുപാതിക വർദ്ധനവ് പെൻഷനിലുമുണ്ടാകും. പ്രസ്തുത

ക്ഷേമനിധിയിൽ ഭവന നിർമ്മാണ പദ്ധതികൾ, ക്ഷീരകർഷരുടെ മക്കളുടെ വിവാഹം എന്നിവയും ഉൾപ്പെടുത്തുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2–ാം വകുപ്പ്</u>

106, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3–ാം വകുപ്പ്</u>

108, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: 2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**<u>(3) 2013–ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ</u>**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഹംസ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ നിയമം ചുമട്ടുതൊഴിലാളികളുടെ പ്രശ്നങ്ങൾ കാലോചിതമായി ഉൾക്കൊള്ളുന്ന ഒരു നിയമമല്ല. ചുമട്ടുതൊഴിലാളികൾ ക്ഷേമനിധിബോർഡുകളിൽ അടയ്ക്കുന്ന തുകയും പലിശയും കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ചുമട്ടുതൊഴിലാളികളുടെ പെൻഷനും മറ്റാനുകൂല്യങ്ങളും കണക്കാക്കുന്നതിൽ ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തണം. നോക്കുകൂലി സമ്പ്രദായം ഇല്ലാതാക്കണം. 25 ശതമാനം ലെവിയും 2 ശതമാനം റിസ്ക് ഫണ്ടും സ്വയം അടയ്ക്കാൻ തയ്യാറുള്ള സ്കാറ്റേർഡ് തൊഴിലാളികളെ അൺ അറ്റാച്ച്ഡ് തൊഴിലാളികളുടെ കൂട്ടത്തിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ തൊഴിലാളികളുടെ സംരക്ഷണം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമമാണിത്. ചുമട്ടുതൊഴിലാളികളുടെ

ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പുതിയൊരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. എ. എം. ആരിഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമസഭാ സമിതികൾ നൽകുന്ന ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തെപ്പറ്റി പരിശോധിക്കണം. ചുമട്ടുതൊഴിലാളികളെ മോശപ്പെട്ടവരായി ചിത്രീകരിക്കുന്ന പ്രവണതയ്ക്ക് മാറ്റം വരുത്തണം. ചുമട്ടു തൊഴിലാളി ക്ഷേമനിധി ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കൊച്ചി തുറമുഖത്ത് അനുവദനീയമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് ഇ.എസ്.ഐ. ബാധകമാക്കുക എന്ന ലക്ഷ്യത്തോടെയും കൊണ്ടുവന്ന ഓർഡിനൻസാണിത്. ചുമട്ടുതൊഴിലാളികൾ നോക്കുകൂലി വാങ്ങുന്ന പ്രവണത കേരളത്തിൽ ഒഴിവായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കൂടുന്നതിനുള്ള പ്രധാനകാരണം തൊഴിലുടമകൾ വിഹിതം അടയ്ക്കാതെ തൊഴിലാളികൾക്ക് നേരിട്ട് കൊടുക്കുന്നതാണ്. 27 ശതമാനം പണം ലാഭിക്കാൻവേണ്ടി മുതലാളിമാർ ഈ പണം തൊഴിലാളികൾക്ക് കൊടുക്കുന്നതുകൊണ്ടാണ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാകാത്തത്. സ്ഥിരം തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനുള്ള തീരുമാനം ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. . സ്കാറ്റേർഡ് തൊഴിലാളിക

ൾക്ക് ഡിസംബർ വരെയുള്ള പെൻഷൻ കൊടുത്തിട്ടുണ്ട്. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

<u>2-ാം വകുപ്പ്</u>

106, 107 നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

106-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

106. In section 2(k) (iii) of the principal Act proposed to be amended by clause 2, after the words “minor children”, add the words “including legally adopted children”.

107-ാം നമ്പർ ഭേദഗതി താഴെപ്പറയും പ്രകാരം ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു.

In section 2(k) of the principal Act Proposed to be amended by clause 2, after item (vii), add the following new item namely:- “(viii) wholly dependant unmarried sisters or widowed sisters”. ഇതിൽ “wholly dependant unmarried sisters” എന്നത് മാത്രം അംഗീകരിക്കാം.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (4). 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പത്ത് കോടി രൂപ വരെയുള്ള പ്രവൃത്തികളെ ടോളിൽനിന്നും ഒഴിവാക്കാത്തത് ഖേദകരമാണ്. ടോൾ പിരിവിന് നിശ്ചിത കാലയളവ് നിർണ്ണയിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിൽനിന്നും ലഭിക്കുന്ന നികുതിയുടെ പത്ത് ശതമാനമെങ്കിലും സംസ്ഥാനത്ത് ചെലവഴിക്കുന്നിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. കെ. രാജു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിർമ്മാണച്ചെലവ് പത്ത് കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ടോൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. മുച്ചക്രവാഹനങ്ങളെ ടോളിൽനിന്നും ഒഴിവാക്കിയത് അഭിനന്ദനാർഹമാണ്. ടോൾ പിരിവിനുള്ള കാലാവധി പത്ത് വർഷമായി നിജപ്പെടുത്തണം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പത്ത് കോടി രൂപ വരെയുള്ള പ്രവൃത്തികളെ ടോളിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ടോൾ എന്ന സംവിധാനം തെറ്റാണെന്ന ധാരണയിൽനിന്നും കേരളീയരെ മാറ്റിയെടുക്കാൻ മുൻകൈ എടുക്കണം.

ശ്രീ. കെ. വി. വിജയദാസ്: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ടോൾ പിരിവ് ഒഴിവാക്കിക്കൊണ്ടുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കണം. കേന്ദ്ര സർക്കാരിന്റെ അവഗണന കേരളത്തിന്റെ റോഡ് വികസനത്തെ സാരമായി ബാധിച്ചിരിക്കുന്നു. 25 കോടി രൂപയിൽ കൂടുതൽ ചെലവ് വരുന്ന പാലങ്ങൾക്ക് മാത്രമേ ടോൾ പിരിക്കാവൂ എന്ന നിബന്ധന വയ്ക്കുകയും ടോൾ പിരിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിക്കുകയും വേണം.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

110, 111, 112, 114, 115, 117, 118, 119, 120, 122, 124, 125, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി 35-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)</u>: 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്):</u> പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശലംഘന പ്രശ്നങ്ങൾ

<u>അനുമതി നിഷേധിച്ചവ</u>

<u>മി. സ്പീക്കർ:</u> ശ്രീ. കെ. ദാസൻ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ വച്ച് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും ശ്രീമതിമാർ കെ. കെ. ലതിക, പി. അയിഷാ പോറ്റി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നി

വർ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെയും ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിനെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു.

<u>പരിഗണനയിലിരിക്കുന്നവ</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നിവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ നൽകിയ നോട്ടീസുകളും ശ്രീ. ആർ. രാജേഷ് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ നോട്ടീസും ശ്രീ. ബെന്നി ബെഹനാൻ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ നൽകിയ നോട്ടീസും ശ്രീ. എം. എ ബേബി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസും സർവ്വശ്രീ കെ. മുരളീധരൻ, എസ്. രാജേന്ദ്രൻ, പി.റ്റി.എ. റഹീം എന്നിവർ നിയോജകമണ്ഡലത്തിലെ പൊതുപരിപാടികളിൽ വേണ്ടത്ര പരിഗണന നൽകിയില്ലെന്ന് കാണിച്ച് നൽകിയ നോട്ടീസുകളും സർവ്വശ്രീ സി.പി. മുഹമ്മദ്, സി. ദിവാകരൻ, ജി. സുധാകരൻ, ബി. സത്യൻ, കെ.എം. ഷാജി, റ്റി.വി. രാജേഷ്, പി.റ്റി.എ. റഹീം, വി. ശിവൻകുട്ടി, കെ.എൻ.എ. ഖാദർ, ഡോ. ടി.എം. തോമസ് ഐസക് എന്നിവർ നിയോജകമണ്ഡലത്തിലെ പൊതു പരിപാടികളിലേയ്ക്ക് ക്ഷണിക്കാത്തവർക്കെതിരെ നൽകിയ നോട്ടീസുകളും ടെലിഫോൺ സംഭാഷണം ചോർത്തുന്നത് സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക നൽകിയ നോട്ടീസും ശ്രീ. കെ. അജിത് കോവളം ഗസ്റ്റ് ഹൗസിൽ മുറി അനുവദിക്കാത്തവർക്കെ

തിരെ നൽകിയ നോട്ടീസും ശ്രീ. ജി. എസ്. ജയലാൽ പരവൂർ ജനമൈത്രി പോലീസ് സ്റ്റേഷൻ സബ് ഇൻസ്‌പെക്ടർക്കെതിരെ നൽകിയ നോട്ടീസും ശ്രീമതി കെ.എസ്. സലീഖ ഡെന്റൽ കോളേജിലെ എച്ച്.ഒ.ഡി. യ്ക്കെതിരെ നൽകിയ നോട്ടീസും ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി എന്നീ എം.എൽ.എ.മാർക്കെതിരെ പോലീസ് അതിക്രമം നടന്നതിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും ശ്രീ. എ. പ്രദീപ്കുമാർ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

<u>മുഖ്യമന്ത്രിയുടെ പ്രമേയം</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സഭ മുൻപാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സഭ വൈകുന്നേരം 3.28–ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

.....................................